കാസർഗോഡ് ജില്ലയിൽ പുതിയ റവന്യൂ വില്ലേജ് രൂപീകരണം

17 (614) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കരിപ്പൂർ നിയോജക മണ്ഡലത്തിലെ വലിയ പറമ്പ് ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു പുതിയ റവന്യൂ വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ വില്ലേജുകളുടെ രൂപീകരണം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ തീരുമാനം.

കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും കൂരാച്ചുണ്ട് വില്ലേജിൽത്തന്നെ ഉൾപ്പെടുത്തണമെന്ന ആവശ്യം

18 (615) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് ഏതെല്ലാം വില്ലേജുകളിലാണ് സ്ഥിതിചെയ്യുന്നത് എന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പഞ്ചായത്തിലെ എല്ലാ വാർഡുകളും കൂരാച്ചുണ്ട് വില്ലേജിൽ തന്നെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടങ്കിൽ ഇതിൻപ്രകാരം എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കായണ്ണ, കാന്തലോട് എന്നീ വില്ലേജുകളിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സർവ്വേരേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന ഏജൻസികൾ

19 (616) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നത് ഏതൊക്കെ ഏജൻസികൾ മുഖാന്തിരമാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും സർവ്വേ രേഖകളുടെ ഡിജിറ്റൈസേഷൻ എത്രനാൾകൊണ്ട് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു വില്ലേജിന്റെ സർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് വേണ്ടി വരുന്ന ശരാശരി സമയം എത്രയെന്നും ചെലവ് എത്രയെന്നും പറയാമോ ;

(ഡി) ഈ പദ്ധതി എന്നു മുതൽ നടപ്പിലാക്കി തുടങ്ങിയെന്നും ആയതിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കുമോ ;

(ഇ) ഏതുതരം സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതെന്നും പ്രസ്തുത സോഫ്റ്റ് വെയർ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(എഫ്) മേൽ പറഞ്ഞ സോഫ്റ്റ് വെയറിന് എത്ര വില വരുമെന്നും ഇത് എത്രയെണ്ണം ഇതിനകം വാങ്ങിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ജി) ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളുടെ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) വിഷൻലാബ് ഇൻസ്റ്റിറ്റ്യൂട്ട് ഹൈദ്രാബാദ്, സീമെൻസ് ഇൻഫർമേഷൻ സിസ്റ്റം ലിമിറ്റഡ്, ചെന്നൈ, എൻ. ഐ. ഐ. റ്റി. ജി. ഐ. എസ്. ലിമിറ്റഡ്, ന്യൂഡൽഹി എന്നീ മൂന്നു കമ്പനികൾ മുഖേനയാണ് കേരളത്തിലെ സർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്തു വരുന്നത്.

(ബി) കേരളത്തിൽ ആകെ 1604 സർവ്വേ വില്ലേജുകളാണുള്ളത്. ആയതിൽ 113 വില്ലേജുകളുടെ സർവ്വേ റിക്കാർഡുകളാണ് ഇപ്പോൾ ഡിജിറ്റൈസ് ചെയ്തുകൊണ്ടിരിക്കുന്നത്. 1999-ൽ തുടങ്ങിയ ഡിജിറ്റൈസേഷൻ ജോലി ഇതുവരെയും പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ 1604 വില്ലേജുകളിലേയും ഡിജിറ്റൈസേഷൻ ജോലി എപ്പോൾ പൂർത്തിയാക്കാനാകും എന്ന് ഇപ്പോൾ പറയാൻ കഴിയാത്ത അവസ്ഥയാണ്.

(സി) ഇപ്പോൾ ഡിജിറ്റൈസേഷൻ നടക്കുന്ന 113 വില്ലേജുകളുടെ ആകെ ചെലവ് 158.08 ലക്ഷം രൂപയാണ്. അങ്ങനെ നോക്കുമ്പോൾ ഒരു വില്ലേജിന്റെ സർവ്വേ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ഇപ്പോഴത്തെ കണക്കനുസരിച്ച് ശരാശരി 1,38,000 രൂപ ചെലവ് വരുമെന്നു കണക്കാക്കാവുന്നതാണ്. 1999-ൽ തുടങ്ങിയ 113 വില്ലേജുകളുടെ ഡിജിറ്റൈസേഷൻ ജോലി ഇതുവരെയും പൂർത്തിയാകാത്ത സ്ഥിതിക്ക് ഒരു വില്ലേജ് റിക്കാർഡ് ഡിജിറ്റൈസ് ചെയ്യുന്നതിനുവേണ്ടി വരുന്ന സമയം എത്രയെന്ന് ഇപ്പോൾ പറയാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 100% കേന്ദ്ര സഹായത്തോടെ കേരളത്തിലെ കോട്ടയം എറണാകുളം ജില്ലകളിലെ 6 താലൂക്കുകളിൽ 1999-2000 വർഷങ്ങളിലായി ഡിജിറ്റൈസേഷൻ ജോലി ആരംഭിച്ചു. ഒറിജിനൽ റിക്കാർഡിന്റെ പകർപ്പ് സർവ്വേ വകുപ്പ് കമ്പനിക്ക് നൽകുകയും കമ്പനി ആയതിന്റെ ഡിജിറ്റൈസ് ഡ്രാഫ്റ്റ് കമ്പ്യൂട്ടർ പ്രിന്റ് വകുപ്പിന് സമർപ്പിക്കുകയും ആയത് വകുപ്പിലെ ജീവനക്കാർ പരിശോധിച്ച് ആവശ്യമായ കറക്ഷൻസ് വരുത്തി കമ്പനിയെ തിരികെ ഏൽപ്പിക്കുകയും ചെയ്യുന്നു. അതനുസരിച്ച് കമ്പനി ഫൈനൽ പ്രിന്റ് വകുപ്പിന് നൽകുന്നു. അവസാനം ഡിജിറ്റൈസ്ഡ് വില്ലേജ് മാപ്പും നൽകുന്നു. ഇതാണ് ഡിജിറ്റൈസേഷൻ സംബന്ധിച്ച പൊതുവായ നടപടിക്രമം. (ഡിജിറ്റൈസേഷന്റെ ഇതുവരെയുള്ള പുരോഗതി അനുബന്ധം 1-ആയി കാണാവുന്നതാണ്.*)

(ഇ) കേന്ദ്ര സർക്കാരാണ് കേരളത്തിലെ ആറു താലൂക്കുകളിലെ ഡിജിറ്റൈസേഷൻ ജോലി മൂന്നു കമ്പനികളെ ഏൽപ്പിച്ചത്. ഓരോ കമ്പനിയും ഡിജിറ്റൈസേഷനുപയോഗിക്കുന്നത് ഓരോ തരം സോഫ്റ്റ് വെയറുകളാണ്.

കമ്പനിയുടെ പേര്	സോഫ്റ്റ് വെയറിന്റെ പേര്
1. വിഷൻ ലാബ് ഇൻസ്റ്റിറ്റ്യൂട്ട്, ഹൈദ്രാബാദ്	വിഷൻ സർവ്വേയർ
2. സിസ്റ്റം ചെന്നൈ	സി-കാഡ്
3. എൻ. ഐ. ഐ.റ്റി.ജി.ഐ. എസ്	ആർക്ക് ഇൻഫോ ആർക്ക് വ്യൂ ലിമിറ്റഡ്, ന്യൂഡൽഹി

(എഫ്) കരാർ പ്രകാരം സോഫ്റ്റ് വെയർ കമ്പനിതന്നെ നേരിട്ടു വാങ്ങുന്നതാകയാൽ ആയതിന്റെ വില എത്രയെന്ന് വ്യക്തമായി പറയാൻ കഴിയില്ല.

(ജി) മൂന്ന് പൈലറ്റ് പദ്ധതികളായാരംഭിച്ച ഡിജിറ്റൈസേഷൻ ജോലിയുടെ മൊത്തം ചെലവ് 156.08 ലക്ഷം രൂപയാണ്. ആയതിൽ 77.25 ലക്ഷം രൂപ 1999-2000 വർഷത്തിൽ അനുവദിച്ചു കിട്ടി. ബാക്കി 78.83 ലക്ഷം രൂപ ഇനിയും സർക്കാരിൽ നിന്ന് അനുവദിക്കാനുണ്ട്. (പദ്ധതിയുടെ സാമ്പത്തിക പുരോഗതി അനുബന്ധം 2 ആയി വച്ചിട്ടുണ്ട്.*

റീസർവ്വേ റിക്കാർഡുകളിലെ വ്യാപകമായ അപാകതകൾ

20 (617) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വൈത്തിരി, ബത്തേരി, മാനന്തവാടി എന്നീ താലൂക്കുകളിലെ റീസർവ്വേ റിക്കാർഡുകളിൽ വ്യാപകമായ അപാകതകൾ കടന്നു കൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly